"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 25, റീസർവ്വേ നമ്പർ 106/3, 106/9-1, 106/9-1-1, 106/3-2, 106/9-3, 106/14, 106/15-ൽ ഉൾപ്പെട്ട 50.09 ആർസ് വസ്തു കൃഷിയോഗ്യമാക്കുന്നതിലേയ്ക്ക് ടി സ്ഥലത്ത് ശേഖരിച്ചിട്ടുള്ള 16165.44 മെട്രിക് ടൺ ഉരുളൻപാറ നീക്കം ചെയ്യുന്നതിന് ശ്രീമതി. തസ്ലീമ മുഹമിനത്ത്, അൽഫിയ നിവാസ്, നവധാര ജംഗ്ഷൻ, കോരാണി പി.ഒ., തിരുവനന്തപുരം എന്ന വ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.24/2026/ID തീയതി,തിരുവനന്തപുരം, 07-01-2026

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 23.05.2025-ലെ നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ RDO-NDD/872/2025-E/K.Dis നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
3. 30.07.2025-ലെ ശ്രീമതി. തസ്ലീമ മുഹമിനത്ത്, അൽഫിയ നിവാസ്, നവധാര ജംഗ്ഷൻ, കോരാണി പി.ഒ., തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ.
4. 24.06.2025, 04.08.2025-ലെ തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ DOTHI-DMG/753/2025-M നമ്പർ കത്തുകൾ.
5. 21.10.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/1744/2025-M3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 25, റീസർവ്വേ നമ്പർ 106/3, 106/9-1, 106/9-1-1, 106/3-2, 106/9-3, 106/14, 106/15-ൽ ഉൾപ്പെട്ട 50.09 ആർസ് വസ്തു കൃഷിയോഗ്യമാക്കുന്നതിലേയ്ക്ക് ടി സ്ഥലത്ത് നിന്നും 16165.44 മെട്രിക് ടൺ ഉരുളൻ പാറ നീക്കം ചെയ്യുന്നതിനു ചട്ടം 104 അനുസരിച്ചുള്ള പ്രത്യേക അനുമതി ലഭിക്കുന്നതിനായി ശ്രീമതി. തസ്ലീമ മുഹമിനത്ത് തിരുവനന്തപുരം ജില്ലാ ആഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രം, കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, ആർ.ക്യൂ.പി റിപ്പോർട്ട്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ അപേക്ഷക ഹാജരാക്കിയിട്ടുണ്ട്. ടി അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും 10.06.2025 തീയതിയിൽ സ്ഥല പരിശോധന നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ സർവ്വേനമ്പറുകളിൽ ഉൾപ്പെട്ട 50.09 ആർസ് സ്ഥലത്ത് ശേഖരിച്ചിട്ടുള്ള 16165.44 മെട്രിക് ടൺ ഉരുളൻപാറ നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് ശ്രീമതി. തസ്ലീമ മുഹമിനത്ത് എന്നവർക്ക് ചട്ടം 104 പ്രകാരം അനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(5) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

2).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെയും നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 25, റീസർവ്വേ നമ്പർ 106/3, 106/9-1, 106/9-1-1, 106/3-2, 106/9-3, 106/14, 106/15-ൽ ഉൾപ്പെട്ട 50.09 ആർസ് വസ്തു കൃഷിയോഗ്യമാക്കുന്നതിലേയ്ക്ക് ടി സ്ഥലത്ത് ശേഖരിച്ചിട്ടുള്ള 16165.44 മെട്രിക് ടൺ ഉരുളൻപാറ ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് ശ്രീമതി. തസ്ലീമ മുഹമിനത്ത്, അൽഫിയ നിവാസ്,

നവധാര ജംഗ്ഷൻ, കോരാണി പി.ഒ., തിരുവനന്തപുരം എന്ന വ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.എക്സ്പ്ലോസീവ് ഉപയോഗിച്ചുള്ള ഖനന പ്രവർത്തനങ്ങൾ അനുവദനീയമല്ല.
2.ടി പ്രവൃത്തി നിമിത്തം സമീപവാസികൾക്ക് ബുദ്ധിമുട്ടോ സമീപവസ്തുക്കൾക്ക് നാശനഷ്ടമോ ഉണ്ടാകാൻ പാടില്ല.
3.പരിസ്ഥിതിക്ക് കോട്ടം വരാതെയും റോഡ് ഗതാഗതം തടസ്സപ്പെടാതെയും ഉരുളൻ പാറ നീക്കം ചെയ്യേണ്ടതാണ്.
4. റവന്യൂ ഡിവിഷണൽ ഓഫീസർ അനുവദിച്ച നിരാക്ഷേപപത്രത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

5.നീക്കം ചെയ്യേണ്ട 16165.44 മെട്രിക് ടൺ ധാതുവിന്റെ റോയൽറ്റി മുൻകൂറായി ഒടുക്കേണ്ടതാണ്.
6. റീസർവ്വേ നമ്പർ 106/3, 106/9-1, 106/9-1-1, 106/3-2, 106/9-3, 106/14, 106/15ൽ ഉൾപ്പെട്ട 50.09 ആർസ് സ്ഥലത്ത് ശേഖരിച്ചിട്ടുള്ള 16165.44 മെട്രിക് ടൺ ഉരുളൻപാറ മാത്രമേ നീക്കം ചെയ്യുവാൻ പാടുള്ളൂ. അനുവദിച്ച അളവിൽ കൂടുതൽ ധാതു നീക്കം ചെയ്യുന്ന പക്ഷം ചട്ടപ്രകാരം പിഴ ഈടാക്കുന്നതാണ്.
7. ജില്ല മിനറൽ സ്ക്വാഡ് കൃത്യമായി പരിശോധന നടത്തി അനധികൃത പ്രവർത്തനം നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. സമീപത്തെ വീടുകൾക്കും റോഡിലൂടെയുള്ള വാഹനങ്ങൾക്കും അപകടം സംഭവിക്കാത്ത രീതിയിൽ മുൻകരുതലുകൾ സ്വീകരിച്ചും സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാതേയും ഉരുളൻ പാറകൾ പൊട്ടിച്ച് നീക്കം ചെയ്യേണ്ടതാണ്.

9. തിരുവനന്തപുരം ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

10. ചട്ടം 104 പ്രകാരം നൽകിയ അനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
റവന്യൂ ഡിവിഷണൽ ഓഫീസർ, നെടുമങ്ങാട്
ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം
ശ്രീമതി. തസ്ലീമ മുഹമിനത്ത്, അൽഫിയ നിവാസ്, നവധാര ജംഗ്ഷൻ, കോരാണി പി.ഒ., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 07-01-2026 14:58:18